**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1525** **07-02-2023 - ൽ മറുപടിയ്ക്ക്**

**പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് ആരോഗ്യവകുപ്പിന്റെ ഉടമസ്ഥതയിലുള്ള നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ അഞ്ചേക്കർ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; സ്ഥലം കൈമാറുന്നതിനുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | മാവേലിക്കര മണ്ഡലത്തിൽ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ അഞ്ചേക്കർ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകിക്കൊണ്ട് 23/01/2023 - ലെ സ.ഉ (കൈ) നം. 14/2023/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18- ലെ റീ-സർവ്വേ നമ്പർ 30-ൽപ്പെട്ടതും ആരോഗ്യ വകുപ്പ് ഉടമസ്ഥാവകാശം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതുമായ 5 ഏക്കർ ഭൂമി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും മറ്റ് നിബന്ധനകൾക്കും വിധേയമായി, പി.കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി സാംസ്കാരിക കാര്യ വകുപ്പിന് ഉപയോഗാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.14/2023/RD തീയതി,തിരുവനന്തപുരം, 23-01-2023

പരാമർശം:-

1. ആലപ്പുഴ ജില്ലാ കളക്ടറുടെ 10/05/2021-ലെ DCALP/14151/2019-C12 നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03/08/2021 -ലെ എൽ.ആർ.കെ2-10271/2020 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18- ലെ റീ-സർവ്വേ നമ്പർ 30-ൽപ്പെട്ട 5 ഏക്കർ (202.35 ആർ) ഭൂമി പി.കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി സാംസ്കാരിക കാര്യ വകുപ്പിന് കൈമാറി നൽകുന്നതിനുള്ള ശുപാർശ പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഭൂമിക്ക് ആർ ഒന്നിന് ₹100000/-(ഒരു ലക്ഷം രൂപ മാത്രം) നിരക്കിൽ 202.35 ആർ വസ്തുവിന് ₹2,02,35,000/-(രണ്ടുകോടി രണ്ട് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ മാത്രം) വില നിശ്ചയിക്കാവുന്നതാണെന്നും ടി സ്ഥലത്തെ മരങ്ങളുടെ വില നിശ്ചയിച്ചിട്ടില്ലാത്തതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത ഭൂമി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരിക കാര്യ വകുപ്പിന് ഉപയോഗാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ സൂചന (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കൈവശമുള്ള ഭൂമി സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് വിട്ടുനൽകുന്നതിന് ആരോഗ്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18- ലെ റീ-സർവ്വേ നമ്പർ 30-ൽപ്പെട്ടതും ആരോഗ്യ വകുപ്പ് ഉടമസ്ഥാവകാശം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതുമായ 5 ഏക്കർ ഭൂമി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി

കൈമാറ്റ വ്യവസ്ഥകൾക്കും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി, പി.കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി സാംസ്കാരിക കാര്യ വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

a) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ ;

b) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല ;

c) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല ;

d) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സാംസ്കാരിക കാര്യ വകുപ്പ് തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചു നിർത്തേണ്ടതാണ് ;

e) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂട്ടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ് .

f) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

g) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

3) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ ആലപ്പുഴ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.ജി.രഞ്ജിത് കുമാർ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ
തഹസിൽദാർ, മാവേലിക്കര താലൂക്ക്.
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
സാംസ്കാരിക കാര്യ വകുപ്പ് ( A2/198/2017/CLADപ്രകാരം)
ആരോഗ്യ വകുപ്പ് (E2/374/2022/HEALTHപ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

സ.ഉ.(കൈ) നം.14/2023/RD

റവന്യൂ വകുപ്പ് അഡീഷണൽ  സെക്രട്ടറിയുടെ സി.എ.യ്ക്ക്

റവന്യൂ വകുപ്പ് അണ്ടർ സെക്രട്ടറിക്ക്